INDIAN SOCIETY OF AUTHORS insa

നവംബർ 2018
പുസ്തകം-5 ലക്കം-11

# നവനീതം

## സാംസ്കാരിക മാസിക



## പരിഭാഷാ ഭവനം


വിശ്വസാഹിത്യത്തെ മലയാള ഭാഷയിലെത്തിക്കാനുള്ള സംരംഭം

ഇന്ത്യൻ സൊസൈറ്റി ഓഫ് ഓഥേഴ്സ് (കേരള ഘടകം)

# അപരൻ

ശിവദാസൻ. എ.കെ

നിങ്ങൾ ഒരാളുടെ നെഞ്ചിലേക്ക് ഒരു കത്തി കുത്തിയിറക്കുന്നു. അയാളിൽ നിന്നും ചുടുരക്തം പുറത്തേക്ക് ചാടിയത് നിങ്ങൾ കണ്ടതാണ്. ഒടിഞ്ഞു തകർന്ന ഒരു വൻ മരം പോലെ അയാൾ വീഴുന്നതും, അത് താങ്ങി നടുവൊടിഞ്ഞ ചെടികൾ അയാളെപ്പോലെ മരിച്ച് വീണതും നിങ്ങളുടെ മുന്നിൽ വെച്ചായിരുന്നു. ഏതൊരു കൊലപാതകിയേയും പോലെ നശിപ്പിക്കുവാനുള്ള തെളിവുകൾ പെറുക്കിക്കൂട്ടി നിങ്ങൾ അപ്രത്യക്ഷനായതാണ്. പിറ്റേന്ന് അങ്ങനെയൊരു വാർത്ത നാടിനെ നടുക്കി പരന്നു തുടങ്ങുമ്പോൾ ഉള്ളിലെ പരിഭ്രമമെല്ലാം മറച്ച് ഒരു നല്ല നടനെപ്പോലെ ആൾക്കൂട്ടത്തിൽ പ്രത്യക്ഷപ്പെട്ട് എന്നിട്ട് എന്താണിപ്പോ ഉണ്ടായേ എന്ന് ഒന്നുമറിയാത്തതു പോലെ ആശ്ചര്യപ്പെടാനൊരുങ്ങി നടക്കുമ്പോൾ ഇന്നലെ കൊന്നവൻ നിങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെടുക. എന്തൊരത്ഭുതമാണ്. അയാളുടെ നെഞ്ചിൽ ഒരു പാടു പോലുമില്ല. ഒരാളെപ്പോലെ ഏഴു പേരുണ്ടെന്നല്ലെ. ഇതാലോചിച്ച് നിങ്ങൾ വാ പിളർന്ന് നിൽക്കുമ്പോൾ അയാൾ എന്നത്തെയും പോലെ നിങ്ങളെ നോക്കി ചെറുതായൊന്നു പുഞ്ചിരിക്കുന്നു. എന്നിട്ട് ഒന്നും സംഭവിക്കാത്തതുപോലെ കടന്നുപോകുന്നു. ഒരാളെപ്പോലെ ഏഴു പേരുണ്ടാകാം. ആ ചൊല്ല് സത്യമാകട്ടെ. പക്ഷേ അവരിൽ ആറു പേർ നിങ്ങളെ അറിയുന്നവരല്ലല്ലോ. പക്ഷേ ഇയാൾ നിങ്ങളെ അറിയുന്നയാൾ തന്നെ. കണക്കനുസരിച്ച് തലേന്ന് നിങ്ങൾ കൊന്നുതള്ളിയവൻ. ധാരണയനുസരിച്ച് അനാഥമായി കിടക്കേണ്ട ഒരു മൃതദേഹമാകേണ്ടയാൾ. ഒരു കൊലപാതക വാർത്തയുടെ ഇരയായി



മാത്രം നാട്ടുകാരുടെ കാതിലുണ്ടാകേണ്ടവൻ. അവനാണ് എന്നത്തേതയും പോലെ ഒരു ചെറുപുഞ്ചിരി സമ്മാനിച്ച് ഒന്നും സംഭവിക്കാത്തതുപോലെ കടന്നുപോയിരിക്കുന്നത്.

ആരായാലും സ്തബ്ധനായിപ്പോകില്ലെ. അതെ അങ്ങനെയൊരവസ്ഥയിലാണ് ഞാനിപ്പോൾ. ഇന്നലെ വൈകീട്ട് ആളൊഴിഞ്ഞ ഒരു കെട്ടിടത്തിന് മറവിൽ അവനെ കാത്ത് ഞാനിരിക്കുന്നുണ്ടായിരുന്നു. എന്റെ കൈയ്യിൽ വളരെ കൃത്യമായി ഉഗ്രമൂർച്ചയുള്ള കത്തിയുണ്ടായിരുന്നു. അവൻ വൈകി ആ വഴി വരുമെന്ന് എനിക്കറിയാം. അവന്റെ കാമുകിയുടെ വീട്ടിലേക്കുള്ള രഹസ്യസഞ്ചാരമാണത്. അതിലെനിക്കെന്താണെന്നല്ലേ. അവളെന്റേയും കാമുകിയാണ്. അല്ലെങ്കിൽ ആയിരുന്നു. ഇതവളെന്നോട് പറഞ്ഞിട്ടില്ല. പക്ഷേ എനിക്കത് മനസ്സിലാകുന്നുണ്ട്. നാം ഒരു ഇടുങ്ങിയ വഴി സഞ്ചരിക്കുന്നു എന്ന് കരുതുക. അതിന്റെ ഇരുവശത്തുമുള്ള കാഴ്ചകളെപ്പറ്റി അവ എത്ര ചെറുതെങ്കിലും നാം ജാഗരൂകരായിരിക്കും. അതു പോലെയാണ് ഇത്തരം ഒളിസേവകളും. ഇത്തിരി ആവേശം കുറഞ്ഞാൽ എന്തോ പന്തികേടുണ്ട് എന്ന് നമുക്ക് പെട്ടെന്ന് പിടികിട്ടും. മറ്റാരുടേയോ വിശ്വാസത്തെ വഞ്ചിച്ചവർക്ക് നിങ്ങളെ വഞ്ചിക്കാനെന്താണ് തടസ്സം. അങ്ങനെയാണ് ഞാനത് മനസ്സിലാക്കിയത്. ഞാൻ തഴയപ്പെടുകയാണ്. പകരം വന്നവനാണ് ഇവൻ.

അവളോടാണ് എനിക്ക് ആദ്യം കലി തോന്നിയത്. സത്യത്തിൽ കത്തി കുത്തിയിറക്കേണ്ടത് അവളുടെ നെഞ്ചത്തല്ലെ. പക്ഷെ ഒന്നിരുത്തി ചിന്തിച്ചപ്പോൾ അത് മണ്ടത്തരമാണെന്ന് എനിക്ക് തോന്നി. അവൾ ഒരു അമേരിക്കക്കാരന്റെ ഭാര്യയാണ്. ആരെങ്കിലും അറിഞ്ഞുകൊ

ണ്ട് ഒരു നല്ല വരുമാനമാർഗ്ഗം വേണ്ടെന്നു വയ്ക്കുമോ. എങ്കിൽ അവനാകട്ടെ എന്റെ ഇര. ഏതൊരു കൊലപാതകിയേയും പോലെ ഈ കൊലപാതകവും തെളിയില്ല എന്നാണ് ഞാൻ കരുതിയത്.

അവൻ വധിക്കപ്പെട്ടാൽ വീണ്ടും അവൾക്ക് എന്നെ ആശ്രയിക്കാതെ വഴിയില്ല. അവന്റെ മരണത്തിൽ എന്നെ സംശയിക്കുന്ന ഒരേയൊരാൾ അവളായിരിക്കും. ആ സംശയവും എനിക്ക് തരുന്ന ആനുകൂല്യം വലുതാണ്. അവൾ പെട്ടെന്ന് മറ്റൊരാളെ പരീക്ഷിക്കാൻ ധൈര്യപ്പെടില്ല. പിന്നെ ആരോടെങ്കിലും പറയുമെന്നാണോ. അതിനവൾക്ക് ധൈര്യമുണ്ടാകുമെന്നാണോ. അതിനവൾക്ക് ധൈര്യമുണ്ടാകുമോ. എന്നെ പിടിച്ചാൽ എല്ലാ രഹസ്യവും പുറത്താകില്ല. നാട്ടുകാരുടെ മുന്നിൽ അവൾ വിശ്വസ്തതയോടെ ഭാര്യയാണ്. ഉത്തരവാദിത്വമുള്ള അമ്മയാണ്.

അങ്ങനെയാണ് ഞാൻ ആ തീരുമാനം എടുത്തത്. ഇതിനു മുമ്പ് എനിക്ക് ഇത്തരം കാര്യങ്ങളിൽ ഒരു പരിചയവുമില്ലായിരുന്നു. അല്ലെങ്കിൽ ഇതിനു മുമ്പു വരെ എന്റെ ക്രിമിനൽ വാസന ചാരം മൂടിയ കമൽ പോലെ കിടക്കുകയായിരുന്നു. എനിക്ക് ചഞ്ചലിപ്പൊന്നും അനുഭവപ്പെട്ടില്ല. നഷ്ടപ്പെടുന്ന കാമുകി



യെക്കുറിച്ചുള്ള നൈരാശ്യം എന്റെ ആവേശത്തെ ഉല പോലെ ആളിക്കത്തിച്ചു.

അറിയാതെ തൊട്ടാൽ പോലും വിരൽ പിളർക്കുന്നത്ര മൂർച്ചയുള്ള കഠാര ഉറയിൽ കിടന്നു ഞെരിപിളി കൊണ്ടു. ആൾപാർപ്പ് കുറഞ്ഞ ആ ഇടവഴിയിൽ ഇരുട്ടിന്റെ പെരുനിലയായിരുന്നു. നോക്കവെ അത് ഓരോ രൂപം കൊക്കൊണ്ടു. എല്ലാ രൂപങ്ങളും മരണസമാനമായ ഭയാനക രൂപങ്ങളായിരുന്നു. ഒരു മൂങ്ങയുടെ മൂളൽ അന്തരീക്ഷത്തെ കൂടുതൽ ഘനപ്പെടുത്തി. ഞാൻ ഇരുട്ടിലേക്ക് കണ്ണു കൂർപ്പിച്ചിരുന്നു. അപ്പോൾ ദൂരെ നിന്ന് ഒരു കാലടി ശബ്ദം എന്നിലേക്കടുക്കുന്നതായി ഞാനറിഞ്ഞു. എന്റെ ആവേശം കൊടുമുടി കയറി. ഇരുട്ടിൽ എനിക്ക് തിരിച്ചറിയാവുന്ന ദൂരത്തിൽ അവനെത്തിയതും ഞാൻ കുതിച്ചു ചാടി അവന്റെ നെഞ്ചിലേക്ക് കഠാര കുത്തിയതും ഒപ്പം. ബാക്കി ഞാൻ മുന്നേ പറഞ്ഞതാണ്. ചോര കുതിച്ചു ചാടി. നിലച്ചു പോയ പ്രാണവായുവോടെ അവൻ പുൽത്തണ്ടുകളിലേക്ക് തകർന്നു വീണു. എന്റേതായ തെളിവുകളൊന്നുമില്ലാതെ ഞാൻ ഇരുട്ടിലേക്കും.

ഇപ്പോൾ അവനെന്നെ കടന്നു പോയിക്കഴിഞ്ഞ് ഞാൻ ഏറെ നേരെ നിശ്ചലനായി നിന്നു. ഇതെങ്ങനെ സംഭവിച്ചു.

ഇനി അവനെന്ന് കരുതി മറ്റുവല്ലവരുമാണോ വന്ന് കയറിയത്.

അതെങ്ങനെ മറ്റു വല്ലവരും. അതിലേ അവനല്ലാതെ അപ്പോൾ ആരു വരാൻ. മാത്രമല്ല അരണ്ട വെളിച്ചത്തിൽ ഞാനവനെ കണ്ടുറപ്പി

**എനിക്ക് അല്പം നിരാശയും എന്നാൽ അത്യധികമായ ആഹ്ളാദവും തോന്നി. സത്യത്തിൽ ഇന്നലെ രാത്രി ഞാൻ ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. ഒരു കൊലപാതകം മറച്ചുവെക്കാനാവാതെ എന്റെ മനസ്സ് പിടഞ്ഞുകൊണ്ടിരുന്നു. അത് വേണമെങ്കിൽ വേണ്ടെന്ന് വയ്ക്കാമായിരുന്നെന്ന് എന്റെ മനസ്സാക്ഷി പലവുരു മന്ത്രിച്ചു.**

ച്ചതാണ്.

എങ്കിലും ഭയം എന്നെ പുറകോട്ട് നടത്തിച്ചു. ആളൊഴിഞ്ഞ ആ കെട്ടിടത്തോളം.

അവിടെ എല്ലാ തെളിവുകളുമുണ്ട്. ഞാൻ നിന്നിരുന്ന സ്ഥലം. കട്ട പിടിച്ചുപോയ ചോരപ്പാടുകൾ. ഒടിഞ്ഞുവീണുകിടക്കുന്ന പുൽത്തണ്ട്. പക്ഷേ ശരീരം മാത്രമില്ല. ആളു തെറ്റിയതാണെങ്കിൽ ശരീരമെവിടെപ്പോയി. ഞാൻ പല തവണ ചുറ്റും നടന്നു നോക്കി. ഏതെങ്കിലും കുറ്റിക്കാട്ടിലോ മറ്റോ ആരെങ്കിലും വീണു കിടപ്പുണ്ടോ.

എനിക്ക് അല്പം നിരാശയും എന്നാൽ അത്യധികമായ ആഹ്ളാദവും തോന്നി. സത്യത്തിൽ ഇന്നലെ രാത്രി ഞാൻ ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. ഒരു കൊലപാതകം മറച്ചുവെക്കാനാവാതെ എന്റെ മനസ്സ് പിടഞ്ഞുകൊണ്ടിരുന്നു. അത് വേണമെങ്കിൽ വേണ്ടെന്ന് വയ്ക്കാമായിരുന്നെന്ന് എന്റെ മനസ്സാക്ഷി പലവുരു മന്ത്രിച്ചു. ഒട്ടും ഉറക്കം വരാതെ ചീർത്ത കൺപോളകളുമായാണ് എന്റെ പ്രഭാതം കടന്നു പോയത്. അതെ ഇപ്പോഴിതാ ഞാൻ രക്ഷപ്പെട്ടിരിക്കുന്നു. എന്തോ സംഭവിക്കട്ടെ എന്റെ കൈയ്യിൽ വീണ രക്തക്കറയിൽ നിന്ന് ഞാൻ മോചി

തനായിരിക്കുന്നു. എനിക്ക് ഞാനറിയാതെ അവനോട് അനുതാപം തോന്നാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ അവൾ. അവളെന്നെ തഴഞ്ഞാൽ. അവളെന്നെ ഉപേക്ഷിക്കാതിരുന്നാൽ ആരുമറിയാതെ ഒരു കോംപ്രമൈസിന് ഞാൻ തയ്യാറാണ്. എനിക്കൊപ്പം ഒരാൾക്കൂടി. അതിൽ ഞാനെന്തിന് സങ്കടപ്പെടണം. അവളിപ്പഴേ മറ്റൊരാളുടെ ഭാര്യയല്ലേ.

ഞാൻ വേഗം അവനെ കണ്ടയിടത്തേക്ക് ചെന്നു. തിരക്കു പിടിച്ച നിരത്തിന്റെ മുക്കിലും മൂലയിലും എന്റെ കണ്ണുകൾ പരതി. നിരത്ത് എനിക്കായി നിന്നു തന്നു. ഒരു പഴയ ഹോട്ടലിന്റെ ഓരത്ത് അവൻ നിൽക്കുന്നത് ഞാൻ കണ്ടു.

വരൂ നമുക്ക് ഒരു ചായ കുടിക്കാം.

അപ്രതീക്ഷിതമായ ഈ ക്ഷണത്തിൽ സത്യത്തിൽ അവൻ അല്പം അമ്പരന്നു പോയി എന്നത് സത്യം. അതോ ഞാൻ അനുഭവിച്ചിരുന്ന മനോവ്യാപാരത്തിലെന്തെങ്കിലും ഒന്ന് അവന് പിടികിട്ടിയോ എന്തോ. എന്തായാലും ഞങ്ങൾ കുറച്ചു നേരം ഒരുമിച്ചിരുന്നു. ചൂടുള്ള ചായ കുടിച്ചു. അത്ഭുതം തന്നെ കൊല ചെയ്യപ്പെട്ടയാളും, കൊന്നയാളും ഒരേ ബഞ്ചിൽ .

അപ്പോഴാണ് ഞങ്ങളെ നടുക്കികൊണ്ട് അതുണ്ടായത്.

അവൾ അതിലേ വരുന്നുണ്ടായിരുന്നു. എന്റെയും അവന്റെയും കാമുകി.

എന്റെ മനസ്സ് ഒന്നു പിടഞ്ഞു തുള്ളി. അവനും അങ്ങിനെ തന്നെയായിരിക്കണം. പക്ഷേ ഞങ്ങളെ ഞെട്ടിച്ചുകൊണ്ട് അവൾ ഞങ്ങളെ ഒന്ന് വെറുതേ നോക്കുക മാത്രം ചെയ്തു.

ദൈവമേ എന്തു മാത്രം അപരിചിതത്വമായിരുന്നു ആ കണ്ണുകളിൽ.

ഒരു പെണ്ണിന് തന്റെ രണ്ട് കാമുകൻമാരോട് ഇങ്ങനെ ഒറ്റ നോട്ടത്തിൽ അപരിചിതത്വം കാണിക്കാനാകുമോ.

ഒരു ചഞ്ചലിപ്പെങ്കിലും അവളുടെ കണ്ണുകളിൽ കാണേണ്ടതല്ലേ. ഒരു നിമിഷം അവളുടെ കണ്ണുകൾ ചുവക്കേണ്ടതല്ലേ.

അതിനും ശേഷമാണ് ഞങ്ങൾ പിരിഞ്ഞത്. പിരിയാൻ നേരത്ത് ഒരു ഹസ്തദാനത്തിനായി ഞാൻ കൈ നീട്ടി. അപ്പുറത്ത് ആരുമില്ലാതെ എന്റെ കൈകൾ ശൂന്യമായി ത്തന്നെ നിൽക്കുന്നു.

ആരൊക്കെയോ എന്നെ തുറിച്ചു നോക്കുന്നു. ആ കണ്ണുകളിലെ അപരിചിതത്വത്തിന്റെ വലുപ്പം കണ്ട് ഞാൻ ഞെട്ടിപ്പോയി. മുമ്പേ അവളെകണ്ടപ്പോൾ ഞെട്ടിയതിനേക്കാൾ കൂടുതൽ.

എനിക്കൊന്നുമറിയില്ല. എന്തൊക്കെയാണ് സംഭവിക്കുന്നത് എന്ന്. ഇപ്പോൾ ഞാൻ ഒരു തടവുകാരനാണോ. ആണെങ്കിൽ ഇത് ജയിലാണ്. ഞാനൊരു കൊലപ്പുള്ളിയാണ്. അവനെ കൊന്ന കുറ്റത്തിന്. അല്ല ഇതൊരു സ്വപ്നമാണെങ്കിൽ എത്രയോ തവണയായി ഞാനിങ്ങനെ ഒരു സ്വപ്നം കാണുന്നത്. ●

